D1BML2301 (A2) (Pages 2) Reg. No:......................

Name: ..........................

**FIRST SEMESTER B.Com./BBA DEGREE EXAMINATION NOVEMBER 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A02T: സാഹിത്യ പഠനം I**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. കാവ്യസൗന്ദര്യത്തിന്റെ സാമാന്യലക്ഷണങ്ങളായി ആലങ്കാരികന്മാർ കാണുന്നതെന്തിനെയെല്ലാമാണ് ?
2. സ്വാതിതിരുനാൾ അറിയപ്പെട്ടിരുന്നതെങ്ങനെ?
3. എം. എൻ. വിജയന്റെ ഏതെങ്കിലും രണ്ട് കൃതികളുടെ പേരെഴുതുക.
4. മതങ്ങൾ കലഹിക്കുന്നു എന്ന് പറയുന്നത് ഒരു ലാക്ഷണിക പ്രയോഗമാണെന്ന് അഴീക്കോട് പറയുന്നതെന്തുകൊണ്ട് ?
5. രാമൻ നായർ പക്ഷിനിരീക്ഷകനായതെങ്ങനെ?
6. കാർഷിക യന്ത്രങ്ങൾ തടയണമെന്ന് ഉമാദേവി പറയുന്നതെന്തുകൊണ്ട് ?
7. "ചതിക്കപ്പെട്ടതുപോലെ ഞാൻ നിന്നിടത്ത് നിന്ന് പിടഞ്ഞു" ആര് ? എന്തുകൊണ്ട് ?
8. കളക്ടർ ധർമ്മപാലൻ ഓഫീസിലൂടെ നടക്കുമ്പോൾ മുതുകത്തും കണ്ണ് തുറക്കുന്നു എന്ന് ചിന്തിക്കുന്നത് എന്തുകൊണ്ട് ?
9. 'എരവരുടെ ഇതിഹാസം' എന്ന് തുളസീദേവി വിശേഷിപ്പിച്ചതെന്തിനെയാണ് ?
10. ആത്മപ്രീത സിദ്ധാന്തത്തിന്റെ അടിസ്ഥാനം എന്ത് ?
11. മലയാളത്തിൽ കീർത്തനങ്ങൾ എഴുതാത്തതിനെ കുറിച്ച് സ്വാതിതിരുനാളിനോട് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി എന്തായിരുന്നു ?
12. മലയാളം ചെറുകഥയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുക.
13. റിയലിസം എന്നാൽ എന്ത് ?
14. രാമൻ നായർ തന്റെ നാട്ടിൽ അപ്രസക്തനായത് എന്തുകൊണ്ട് ?
15. 'നൂറു സിംഹാസനങ്ങൾ' എന്ന നോവലിന്റെ പ്രമേയം വിശദമാക്കുക.

**(തുടർച്ച....2)**

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. കുണ്ടെ ഹബ്ബ എന്നാലെന്ത് ?
17. നിരൂപകൻ അടിമയായി മാറുന്നതെങ്ങനെ?
18. ഹാസ്യത്തിന്റെ ആഖ്യാനം സൂചിമുഖിയെ മുൻനിർത്തി വിശദീകരിക്കുക.
19. റിയലിസത്തിന്റെ സവിശേഷതകൾ എം. സുകുമാരന്റെ കഥയിൽ അനാവൃതമാകുന്നതെങ്ങനെ?
20. ''പലതരത്തിൽ പല സ്ഥലങ്ങളിൽ ഞാൻ ആത്മഹത്യ ചെയ്തു കൊണ്ടേയിരുന്നു.'' പ്രസ്താവനയിലൂടെ നോവലിസ്റ്റ് വിരൽ ചൂണ്ടുന്നത് എവിടേയ്ക്കാണ് ?
21. മുത്ത് സ്വാമി ദീക്ഷിതരെക്കുറിച്ച് സ്വാതി തിരുനാളിന്റെ മനോഭാവം എന്തായിരുന്നു ?
22. ശ്രീനാരായണ ഗുരുവിന്റെ മതദർശനത്തെ അഴീക്കോട് വിലയിരുത്തുന്നത് എങ്ങനെ ?
23. മനുഷ്യ മനസ്സിന്റെ നിഗൂഢതകളെ മാനസി ആഖ്യാനതന്ത്രം ആക്കി മാറ്റുന്നത് എങ്ങനെ ?

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.**

24. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ജീവിതം ആവിഷ്കരിക്കുകയാണ് ജയമോഹന്റെ 'നൂറ് സിംഹാസനങ്ങൾ' എന്ന നോവൽ - പ്രസ്താവനയുടെ സാംഗത്യം പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.
25. സമകാലിക സാമൂഹിക രാഷ്ട്രീയ അവസ്ഥകളെ 'അയൽ രാജാവ് 'എന്ന കഥയിൽ എങ്ങനെ ആവിഷ്കരിച്ചിരിക്കുന്നു ?
26. യാത്ര ഒരനുഭവമായി മാറുന്നതിന്റെ സവിശേഷതകൾ എൻ. പ്രഭാകരന്റെ കുടക് യാത്രകളെ മുൻനിർത്തി വിലയിരുത്തുക.
27. 'മതവും മതങ്ങളും' എന്ന ലേഖനത്തിൽ സുകുമാർ അഴീക്കോട് ഉന്നയിക്കുന്ന പരാമർശങ്ങൾ വിശദമാക്കുക.

**(2 x 10 = 20 മാർക്ക് )**